**ഗ്രാമ ന്യായാലയം, പഴയന്നൂർ**
**സാന്നിദ്ധ്യം : ശ്രീമതി. അൽഫോൻസ നീതു അലക്സ് (BBA LL.B (Hons), LL.M)**
**ന്യായാധികാരി,**
**തിയ്യതി : 2026 മാർച്ച് - 21 ന് (1947 ഫാൽഗുനം - 30)**

---

**കേസ് നമ്പർ: CC 1/2021**

| | | |
|---|---|---|
| ഹർജിക്കാരൻ | : | സ്റ്റേറ്റിനെ പ്രതിനിധീകരിച്ച് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, കേരള പോലീസ്, പഴയന്നൂർ പോലീസ് സ്റ്റേഷൻ – ക്രൈം നമ്പർ : 812/2020 |
| | | (എ.പി.പി (ഇൻചാർജ്) പഴയന്നൂർ) |
| പ്രതി | : | അൽ അമിൻ, S/o ഹംസ, 25/20 വയസ്സ്, മോതിരപീഡികയിൽ ഹൗസ്, കല്ലിങ്ങൽ പെരിങ്ങോട്ടുകുറുശ്ശി, പാലക്കാട് |
| | | (അഡ്വ. ഷാജി പി മാത്യു & അഡ്വ.സുനിൽകുമാർ) |
| ശിക്ഷാർഹമായ കുറ്റം | : | U/s. 279, 337, 304A ഐ.പി.സി |
| പ്രതിയുടെ വാദം | : | കുറ്റക്കാരനല്ല. |
| കണ്ടെത്തൽ | : | കുറ്റവിമുക്തൻ |
| വിധി/ഉത്തരവ് | : | i. ഇന്ത്യൻ ശിക്ഷാ നിയമം 279, 337, 304A വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റത്തിന് പ്രതി കുറ്റക്കാരനല്ലെന്ന് കണ്ടിരിക്കുന്നു. ഭാരതീയ നാഗരിക് സുരക്ഷ സംഹിത 278(1)–ാം വകുപ്പ് പ്രകാരം പ്രതിയെ കുറ്റവിമുക്തനാക്കുകയും ചെയ്യുന്നു.<br>ii. പ്രതിയുടെ ജാമ്യ കച്ചീട്ട് റദ്ദ് ചെയ്ത് സ്വതന്ത്രനാക്കുകയും ചെയ്തിരിക്കുന്നു. |

**കുറ്റാരോപിതനെ സംബന്ധിച്ചുള്ള വിവരണം**

| സീരിയൽ നമ്പർ | പോലീസ് സ്റ്റേഷന്റെ പേരും കുറ്റകൃത്യത്തിന്റെ ക്രൈം നമ്പറും | പേര് | പിതാവിന്റെ പേര് | തൊഴിൽ | താമസസ്ഥലം | വയസ്സ് |
|---|---|---|---|---|---|---|
| 1 | പഴയന്നൂർ പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ: 812/2020 | അൽ അമിൻ | ഹംസ | —- | മോതിര പീഡികയിൽ | 25/20 |

| തീയതികൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| സംഭവം നടന്ന തിയതി | പരാതി നൽകിയ തിയതി | കുറ്റാരോപിതനെ അറസ്റ്റ് ചെയ്ത തിയതി | ജാമ്യത്തിൽ വിട്ടയച്ച തിയതി | വിചാരണ തുടങ്ങിയ തിയതി | തെളിവെടുപ്പ് ആരംഭിച്ച തിയതി | വിചാരണ പൂർത്തിയായ തിയതി | വിധി പ്രസ്താവിച്ച തിയതി | പ്രതിയെക്കുറിച്ചുള്ള വിധിന്യായത്തിന്റെ പകർപ്പ് നൽകൽ | കാലതാമസത്തിന്റെ വിശദീകരണം | സെക്ഷൻ 428 Cr.P.Cയുടെ ഉദ്ദേശ്യത്തിനായി, അന്വേഷണം അല്ലെങ്കിൽ വിചാരണയ്ക്കിടെ തടങ്കലിൽ വച്ച കാലയളവ്. |
| 14.10.20 | 14.10.20 | 29.10.20 | 29.10.20 | 11.3.25 | 27.5.25 | 18.2.26 | 21.3.26 | – | – | – |

ഈ കേസ് 2026 മാർച്ച് മാസം 18–ാം തീയതി അവസാന വാദങ്ങൾ കേട്ട് ഈ കോടതി 2026 മാർച്ച് മാസം 21–ാം തീയതി പുറപ്പെടുവിപ്പിക്കുന്ന :

## വിധിന്യായം

ഇന്ത്യൻ ശിക്ഷ നിയമം 279, 337, 304A വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചേർത്ത് പഴയന്നൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ: 812/2020 ആയി പ്രതിക്കെതിരെ സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ നിന്ന് ഉത്ഭവിച്ചതാണ് മേൽ കേസ്.

2. **<u>പ്രോസിക്യൂഷൻ കേസ് ചുരുക്കത്തിൽ ഇതാണ്</u> :-** 14.10.2020 തിയതി രാവിലെ 10 മണിക്ക് പ്രതി KL-08-AN-9805 നമ്പർ പെട്ടി ഓട്ടോറിക്ഷയുടെ ഡ്രൈവറായി ചുമതല വഹിച്ച് നടുവത്തപ്പാറ-തിരുവില്വാമല പബ്ലിക് റോഡെ കിഴക്കു നിന്നും പടിഞ്ഞാറോട്ട് അതിവേഗതയിലും അശ്രദ്ധമായും മനുഷ്യജീവന് അപകടം വരത്തക്ക വിധം ഓടിച്ചു വരവേ, മലേശമംഗലം പ്ലാവിൻചോട് എന്ന സ്ഥലത്ത് വച്ച്, ടി റോഡെ എതിർദിശയിൽ നിന്നും ഒന്നാം സാക്ഷിയുടെ അമ്മാവൻ രാജൻ, രണ്ടാം സാക്ഷിയെയും പുറകിലിരുത്തി ഓടിച്ചു വന്നിരുന്ന KL-48-N-7148 നമ്പർ സ്കൂട്ടറിൽ ഇടിച്ചതിൽ വച്ച് സ്കൂട്ടർ ഓടിച്ചിരുന്ന രാജൻ മരണപ്പെടുന്നതിനും, പുറകിലിരുന്നയാളിന് വലതുകൈയിലും മറ്റും മുറിപരിക്കുകൾ പറ്റുന്നതിനും ഇടയായിട്ടുള്ളതിനാൽ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 279, 337, 304A വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങൾ ചെയ്തിരിക്കുന്നു.

3. 1973 ലെ ക്രിമിനൽ നടപടി ക്രമം 173-ാം വകുപ്പ് പ്രകാരം കോടതി മുമ്പാകെ സമർപ്പിച്ച കുറ്റപത്രം പരിശോധിച്ചു, പരിഗണനക്ക് എടുക്കാൻ തക്ക കാരണങ്ങൾ ഉണ്ടെന്നു കണ്ടു മേൽ അക്കമിട്ടു ഫയലിൽ സ്വീകരിച്ചു, പ്രതിക്ക് സമ്മൻസ് അയച്ചു. തുടർന്ന് പ്രതി ജാമ്യക്കാർ സഹിതം ഹാജരാകുകയും, പ്രതിക്ക് ജാമ്യം അനുവദിക്കുകയും ചെയ്തു. 1973 ലെ ക്രിമിനൽ നടപടി ക്രമം 207-ാം വകുപ്പ് പ്രകാരം പ്രതിക്ക് പ്രോസിക്യൂഷൻ ഭാഗം രേഖകളുടെ പകർപ്പ് നൽകി. തുടർന്ന് കുറ്റാരോപിതൻ ചെയ്തു എന്ന് ആരോപിക്കപ്പെടുന്ന ഇന്ത്യൻ ശിക്ഷ നിയമം 279, 337, 304A വകുപ്പുകൾ പ്രകാരമുള്ള കുറ്റസാരാംശം പ്രതിക്ക് വായിച്ച് വിശദീകരിച്ച് കൊടുക്കുകയും, പ്രതി കുറ്റം നിഷേധിക്കുകയും, വിചാരണ നേരിടാൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തു.

4. കേസിലെ പ്രതിയുടെ പങ്കാളിത്തം തെളിയിക്കുന്നതിന് വേണ്ടി പ്രോസിക്യൂഷൻ ഭാഗത്തു നിന്നും PW1, PW2, PW3 എന്നീ സാക്ഷികളെ വിസ്തരിക്കുകയും, Ext P1 രേഖ തെളിവിലേക്കായി രേഖപ്പെടുത്തുകയും ചെയ്തു. കേസിലെ വാഹനാപകടത്തിൽ പരിക്കുപറ്റിയ CW2 സുരേന്ദ്രൻ S/o വേലായുധൻ എന്നയാൾ കേസിന്റെ വിചാരണകാലയളവിൽ മരണപ്പെട്ടിട്ടുള്ളതും, ടിയാളുടെ മരണ സർട്ടിഫിക്കറ്റ് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണ്. കേസിലെ മറ്റു സുപ്രധാന സാക്ഷികൾ കൂറ് മാറിയതിനാൽ ശേഷിക്കുന്ന സാക്ഷികൾ ആയ CW5 മുതൽ CW11 വരെയുള്ളവരുടെ വിസ്താരം വിജ്ഞാനിയായ എ.പി.പി വേണ്ടെന്നുവച്ചു. ഇതിൽ CW5 ഉണ്ണികൃഷ്ണൻ S/o പഴനി എന്നയാളും വിചാരണ വേളയിൽ മരണപെട്ടിട്ടുള്ളതാണെന്നു കാണിച്ചു ടിയാളുടെ മരണ സർട്ടിഫിക്കറ്റ് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണ്. പ്രോസിക്യൂഷൻ ഭാഗം തെളിവിൽ നിന്ന് കേസിലെ പ്രതിയുടെ പങ്കാളിത്തം കാണിക്കത്തക്ക സാഹചര്യങ്ങൾ ഇല്ലാത്തതിനാൽ ഭാരതീയ നാഗരിക് സുരക്ഷ സംഹിത 351(1)(b) വകുപ്പ് പ്രകാരമുള്ള പ്രതിയുടെ പരിശോധന ഒഴിവാക്കിയിട്ടുള്ളതാണ്. പ്രതിഭാഗത്തു നിന്നും തെളിവുകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല.

5. ഇരുഭാഗവും കേട്ടു. രേഖകൾ പരിശോധിച്ചു.

6. **<u>പരിഗണിക്കേണ്ട വാദ വിഷയങ്ങൾ ഇവയാണ്:</u>**

(i) 14.10.2020നു രാവിലെ 10 മണിക്ക് പ്രതി KL-08-AN-9805 നമ്പർ പെട്ടി ഓട്ടോറിക്ഷയുടെ ഡ്രൈവറായി ചുമതല വഹിച്ച് നടുവത്തപ്പാറ-തിരുവില്വാമല പബ്ലിക് റോഡെ കിഴക്കു നിന്നും പടിഞ്ഞാറോട്ട് അമിതവേഗതയിലും അശ്രദ്ധമായും മനുഷ്യജീവന് അപകടം വരത്തക്കവിധം ഓടിച്ചതിൽ പ്രോസിക്യൂഷൻ ആരോപിക്കും പ്രകാരം പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 279–ാം വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ ?

(ii) മേൽ പറഞ്ഞ സ്ഥലത്തും, തീയതിയിലും, സമയത്തും, പ്രതി അമിതവേഗതയിലും അശ്രദ്ധമായും ഓടിച്ചു വന്ന KL-08-AN-9805 നമ്പർ പെട്ടി ഓട്ടോറിക്ഷ, മലേശമംഗലം പ്ലാവിൻചോട് എന്ന സ്ഥലത്ത് വച്ച്, ഒന്നാം സാക്ഷിയുടെ അമ്മാവൻ രാജൻ രണ്ടാം സാക്ഷിയെയും പുറകിലിരുത്തി ടി റോഡെ എതിർദിശയിൽ നിന്നും ഓടിച്ചു വന്നിരുന്ന KL-48-N-7148 നമ്പർ സ്കൂട്ടറിൽ ഇടിച്ചതിൽ വച്ച് ടി രാജൻ മരണപ്പെടുന്നതിനും, പുറകിലിരുന്നയാളിന് മുറിപരിക്കുകൾ പറ്റുന്നതിനും ഇടയായതിനാൽ പ്രോസിക്യൂഷൻ ആരോപിക്കും പ്രകാരം പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 337, 304A വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ ?

(iii) അപ്രകാരം പ്രതി കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ, ശിക്ഷയുടെ തോത് എത്ര?

7. **<u>വാദവിഷയങ്ങൾ (i) & (ii) :</u>**- വസ്തുതകളുടെ ആവർത്തനം ഒഴിവാക്കാനും അവലോകനത്തിന്റെ സൗകര്യത്തിനുമായി ഒന്നും, രണ്ടും വാദവിഷയങ്ങൾ ഒന്നിച്ചു പരിഗണിക്കുന്നു. PW1 ഈ കേസിലെ പരാതിക്കാരനും, അപകടത്തിൽ മരിച്ച രാജന്റെ ബന്ധുവുമാണ്. കേസിനാസ്പദമായ സംഭവത്തിൽ മരണപ്പെട്ടത് തന്റെ അമ്മയുടെ

ആങ്ങള ആണെന്നും, 14.10.2020 തിയതി രാവിലെ 10.30 മണിക്ക് മാമൻ ടിയാളുടെ ഡ്രൈവറെ പുറകിലിരുത്തി മറ്റൊരാളുടെ സ്കൂട്ടർ ഓടിച്ചു പോകവേ തിരുവില്വാമല മലേശമംഗലം എന്ന സ്ഥലത്ത് വെച്ച് ആണ് അപകടം ഉണ്ടായതെന്നും, അപകടത്തിൽ ആ ഡ്രൈവറിനും പരിക്ക് പറ്റിയിരുന്നുവെന്നും, പിന്നിട് അദ്ദേഹം തൂങ്ങി മരിച്ചുവെന്നും PW1 മൊഴി നൽകി. കേസിലെ സംഭവത്തിൽ താൻ പോലീസിൽ Ext.P1 പരാതി കൊടുത്തിരുന്നു എന്നും, കേസിനാസ്പദമായ വാഹനാപടകം താൻ നേരിട്ട് കണ്ടിട്ടില്ല എന്നും, കേട്ടറിവ് മാത്രേ ഉള്ളുവെന്നും, വാഹനം ഓടിച്ച ഡ്രൈവറുടെ അമിതവേഗതയും അശ്രദ്ധയും ആണ് കാരണമെന്നു Ext.P1ൽ പറഞ്ഞതു കേട്ടറിവിലാണെന്നും PW1 മൊഴി നൽകിയിട്ടുണ്ട്.

8. PW2, PW3 എന്നിവർ സംഭവത്തിന് ദൃക്സാക്ഷികൾ ആയി പ്രോസിക്യൂഷൻ ഭാഗത്ത് നിന്നും പരാമർശിക്കുന്നവർ ആണ്. കേസിനാസ്പദമായ വാഹനാപകടം നേരിട്ട് കണ്ടിട്ടില്ല എന്ന് മൊഴി നൽകി PW2ഉം, PW3ഉം പ്രോസിക്യൂഷൻ കേസിനു എതിരെ തിരിഞ്ഞിട്ടുള്ളതാണ്. പോലീസിൽ വാഹനാപകടം കണ്ടതായി താൻ മൊഴി കൊടുത്തിട്ടില്ല എന്നും, വാഹനം ഓടിച്ച ആളെ തനിക്കു കണ്ടാൽ അറിയില്ല എന്നും, വാഹനം ഓടിച്ചത് പ്രതിയാണോ എന്ന് അറിയില്ല എന്നും PW2 മൊഴി നൽകിയിട്ടുണ്ട്. പ്രതിയെ സഹായിക്കാനായി കളവായി മൊഴി പറയുകയാണ് എന്ന പ്രോസിക്യൂഷന്റെ പരാമർശം PW2ഉം, PW3ഉം നിഷേധിച്ചു. ഇതിൽ നിന്നും ഇരുവരും കൂറുമാറി എന്ന് മനസിലാക്കാവുന്നതാണ്.

9. പ്രോസിക്യൂഷൻ ഭാഗത്തു നിന്നും PW1 മുതൽ PW3 വരെയുള്ള സാക്ഷികളെ വിസ്തരിച്ചെങ്കിലും PW1 ഈ കേസിലെ സംഭവം നേരിട്ട് കണ്ടിട്ടില്ലാത്തതും, സംഭവത്തിൽ പ്രതിയുടെ പങ്കാളിത്തത്തെപ്പറ്റി നേരിട്ട് അറിവില്ല എന്നു സമ്മതിച്ചിട്ടുള്ളതുമാണ്. കേസിൽ സുപ്രധാന തെളിവ് നൽകാൻ കഴിയുന്ന PW2ഉം, PW3ഉം വാഹനാപകടം നേരിട്ട് കണ്ടിട്ടില്ല എന്ന് മൊഴി നൽകി കൂറുമാറിയിട്ടുള്ളതും ആണ്. കേസിനാസ്പദമായ വാഹനാപകടത്തിൽ പരിക്ക് പറ്റിയ CW2 സുരേന്ദ്രൻ S/o വേലായുധൻ, മേൽ കേസിൽ

സുപ്രധാന തെളിവ് നൽകാൻ കഴിയുമായിരുന്ന വ്യക്തി ആയിരുന്നെങ്കിലും വിചാരണ വേളയിൽ ടിയാൻ മരണപെട്ടിട്ടുള്ളതാണ്. മേൽ കാരണങ്ങളാൽ, കേസിലെ ബാക്കി സാക്ഷികൾ ആയ CW5 മുതൽ CW11 വരെയുള്ളവരുടെ വിസ്താരം വിജ്ഞാനിയായ എ.പി.പി ഉപേക്ഷിച്ചിട്ടുള്ളതും, ആയതു ന്യായീകരിക്കപ്പെടുന്നതും ആകുന്നു. ഇതിൽ CW5 ഉണ്ണികൃഷ്ണൻ S/o പഴനി എന്നയാളും വിചാരണകാലഘട്ടത്തിൽ മരണപെട്ടിട്ടുള്ളതാണ്. CW2, CW5 എന്നിവരുടെ മരണ സർട്ടിഫിക്കറ്റ് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണ്.

10. പ്രോസിക്യൂഷൻ കേസ് തെളിയിക്കുന്നതിലേക്കായി വിസ്തരിച്ച PW1 മുതൽ PW3 വരെ സാക്ഷികളുടെ മൊഴികളും, രേഖകളും പരിശോധിക്കുമ്പോൾ കേസിനാസ്പദമായ സംഭവത്തിൽ പ്രതിയുടെ പങ്കാളിത്തം തെളിഞ്ഞതായി കാണുന്നില്ല. മാത്രമല്ല, അപകടകാരണമോ പ്രതിക്കെതിരെ മതിയായ തെളിവുകളോ ഒന്നും പ്രോസിക്യൂഷൻ നിരത്തിയിട്ടുമില്ല. ഈ സാഹചര്യത്തിൽ പ്രതിക്കെതിരെയുള്ള കുറ്റാരോപണം സംശയാതീതമായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടതായും, സംശയത്തിന്റെ ആനുകൂല്യത്തിന് പ്രതി അർഹനാണെന്നും കോടതി കണ്ടെത്തിയിരിക്കുന്നു. ആയതിനാൽ വാദവിഷങ്ങൾ (i) ഉം, (ii) ഉം പ്രോസിക്യൂഷന് പ്രതികൂലമായി കണ്ടിരിക്കുന്നു.

11. **വാദ വിഷയം - (iii)** : ഇതിനു മുന്നോടിയായി ഉള്ള വാദവിഷയങ്ങളിൽ കണ്ടെത്തിയ കാര്യങ്ങളുടെ പശ്ചാത്തലത്തിൽ, പ്രതിയുടെ ശിക്ഷാ വിധിയെക്കുറിച്ചുള്ള ചോദ്യത്തിന് പ്രസക്തിയില്ല.

**ഫലത്തിൽ**

**i. ഇന്ത്യൻ ശിക്ഷാ നിയമം 279, 337, 304A വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റത്തിന് പ്രതി കുറ്റക്കാരനല്ലെന്ന് കണ്ടിരിക്കുന്നു. ഭാരതീയ നാഗരിക് സുരക്ഷ സംഹിത 278(1)–ാം വകുപ്പ് പ്രകാരം പ്രതിയെ കുറ്റവിമുക്തനാക്കുകയും ചെയ്യുന്നു.**

**ii. പ്രതിയുടെ ജാമ്യ കച്ചീട്ട് റദ്ദ് ചെയ്ത് സ്വതന്ത്രനാക്കുകയും ചെയ്തിരിക്കുന്നു.**

(ഞാൻ പറഞ്ഞു കൊടുത്ത് കോൺഫിൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ വായിച്ച് നോക്കി, തിരുത്തി തുറന്ന കോടതിയിൽ 21-03-2026 ന് ഇപ്രകാരം വിധി പ്രസ്താവിച്ചിട്ടുള്ളതാണ്.)

**Sd/-**
**അൽഫോൻസ നീതു അലക്സ്**
**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, പഴയന്നൂർ**

## അപ്പെൻഡിക്സ്

**പ്രോസിക്യൂഷൻ സാക്ഷികൾ:**

| **Prosecution Witness No.** | **Name of Witness** | **Description** |
|---|---|---|
| PW1 | സുധീഷ് | പരാതിക്കാരൻ |
| PW2 | കുട്ടിയപ്പു | ദൃക്സാക്ഷി |
| PW3 | അമ്മിണി | ദൃക്സാക്ഷി |

**പ്രോസിക്യൂഷൻ ഭാഗം രേഖകൾ :**

| Exhibit No. | Description of the Exhibit | Proved by/Attested by |
|---|---|---|
| Ext P1 | എഫ്.ഐ.എസ് | PW1 |

**<u>പ്രതിഭാഗം സാക്ഷികൾ</u>** **:-** - ഇല്ല

**<u>പ്രതിഭാഗം രേഖകൾ</u>** **:-** - ഇല്ല

Sd/-
**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, പഴയന്നൂർ**

**//**ശരി പകർപ്പ്**//**

**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, പഴയന്നൂർ**

ഫെയർ/കോപ്പി വിധിന്യായം: CC 1/2021
തിയതി : 21.03.2026